# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.492

### 29-05-2019 ൽ മറുപടിക്ക്

**തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട്**

| ചോദ്യം<br>ശ്രീ. എം. സ്വരാജ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്ന തൃപ്പൂണിത്തുറ ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്.ന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കാമോ; | കിഫ്ബി ഫണ്ട് ഉപയോഗിച്ചു നടപ്പിലാക്കി വരുന്ന തൃപ്പൂണിത്തുറ സർക്കാർ ജി.എച്ച്.എസ്.എസ്-ൽ മൂന്ന് നിലകളിലായി അക്കാഡമിക് ബ്ലോക്കും ഒരു നിലയിൽ എൽ.പി ബ്ലോക്കുമാണ് നിർമിക്കാൻ ഉദ്ദേശിക്കുന്നത്. [മൊത്തം അടങ്കൽ തുക 4.66 കോടി രൂപ]. 18 ക്ലാസ് റൂമുകളും, ടീച്ചേർസ് റൂം, സെമിനാർ ഹാൾ, ലാംഗ്വേജ് ലാബ്, ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് റൂം, യോഗ റൂം, മൾട്ടി മീഡിയ റൂം, മാത്സ് ലാബ്, കമ്പ്യൂട്ടർ ലാബ്, ശുചി മുറികൾ എന്നിവ ഉൾപ്പെടുന്നു. |
| (ബി) നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഈ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ? | നിലവിൽ അക്കാഡമിക് ബ്ലോക്കിന്റെ ഒന്നാം നിലയുടെ സ്ലാബ് കോൺക്രീറ്റിംഗിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. എൽ.പി ബ്ലോക്കിന്റെ ഫൗണ്ടേഷൻ ഫിറ്റിങ്സിന്റെ പ്രവൃത്തികൾ നടന്നു വരുന്നു. കരാർ അനുസരിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാൻ ജൂൺ മാസം 12-ാം തിയതി വരെ സമയം അനുവദിച്ചിട്ടുള്ളതാണ്. ആവശ്യമെങ്കിൽ ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിക്ക് കൂടുതൽ സമയം അനുവദിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ